BSNLEU

# BSNL EMPLOYEES UNION

(Regd. under Indian Trade Union Act 1926. Regn. No. 4896)

KERALA CIRCLE

P&T House, Thiruvananthapuram 695001.

സർക്കുലർ:46/2018-20 15-06-2019

To

ജില്ലാസെക്രട്ടറിമാർ/സംസ്ഥാന ഭാരവാഹികൾ.

സഖാവെ,

## വിപുലീകൃത കേന്ദ്ര പ്രവർത്തകസമിതി യോഗം പൂനയിൽ 2019 ജൂലൈ 29 - 31

ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയന്റെ വിപുലീകൃത കേന്ദ്ര പ്രവർത്തകസമിതി യോഗം 2019 ജൂലൈ 29 മുതൽ 31 വരെ പൂനയിൽ ചേരുവാൻ അഖിലേന്ത്യാ സെന്റർ തീരുമാനിച്ചിരിക്കുന്നു. അഖിലേന്ത്യാ ഭാരവാഹികൾ, സർക്കിൾ സെക്രട്ടറിമാർ, ജില്ലാ സെക്രട്ടറിമാർ എന്നിവർ പ്രവർത്തകസമിതി യോഗത്തിൽ പങ്കെടുക്കും. യോഗത്തിൽ പങ്കെടുക്കുന്നവർക്ക് സ്പെഷ്യൽ കാഷൽ ലീവ് ലഭിക്കും. ബി.എസ്.എൻ.എൽ.ന്റെ നിലനില്പുതന്നെ ചോദ്യംചെയ്യപ്പെടുന്ന സാഹചര്യം, ബി.എസ്.എൻ.എൽ. മേഖലയിൽ നടക്കുവാൻപോകുന്ന 8-ാമത് റഫറണ്ടം, നോൺ-എക്സിക്യൂട്ടീവ് ജീവനക്കാരുടെ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്ന പ്രവർത്തകസമിതിയിൽ എല്ലാ ജില്ലാ സെക്രട്ടറിമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യണം. പ്രതിനിധി ഫീസ് 800 രൂപ.

**ബി.എസ്.എൻ.എൽ.ഡബ്ള്യൂ.ഡബ്ള്യൂ.സി.സി:** ബി.എസ്.എൻ.എൽ.വർക്കിംഗ് വുമൻസ് കോർഡിനേഷൻ കമ്മിറ്റിയുടെ യോഗവും ജൂലൈ 28 ന് പൂനെയിൽ ചേരുന്നു. കേരളത്തിൽ നിന്ന് മഹിളാ സബ്കമ്മിറ്റി കൺവീനർ സ:വി.ഭാഗ്യലക്ഷ്മി യോഗത്തിൽ പങ്കെടുക്കും.

**മെയിലിംഗ് അഡ്രസ്:** പുതുക്കിയ മെയിലിംഗ് അഡ്രസ് പല ജില്ലകളിൽ നിന്നും ലഭിച്ചിട്ടില്ല. ജൂൺ 27 ന് ജേർണൽ അയക്കേണ്ടതാണ്. അടിയന്തിരമായി പുതുക്കിയ മെയിലിംഗ് ലിസ്റ്റ് എത്തിക്കണമെന്ന് അഭ്യത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ്കുമാർ,**

സർക്കിൾ സെക്രട്ടറി.